**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4589** **02-07-2024 - ൽ മറുപടിയ്ക്ക്**

**കാവുകളുടെ സംരക്ഷണവും പരിപാലനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതായി സംസ്ഥാനത്തെ കാവുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>**ജി ഒ (ആർ.റ്റി) 485/16/വനം തീയതി 24.12.2016 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാവുകളുടെ, സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.** |
| (ബി) | കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | **ജി ഒ (ആർ.റ്റി) 485/16/വനം തീയതി 24.12.2016 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദേശങ്ങൾക്ക് വിധേയമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകി വരുന്നുണ്ട്.**<br><br>**ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് പത്രമാധ്യമങ്ങൾ മുഖേന നൽകുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ കാവുകളുടെ പേര് വിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിശ്ചിത എണ്ണം കാവുകൾക്ക് ജില്ലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നുണ്ട്. കാവിന്റെ ചുറ്റുമതിൽ നിർമ്മാണം, അതിലെ കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ തുടങ്ങിയവ ചെയ്തുവരുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള ധനസഹായത്തിനായി കാവിന്റെ ഉടമകൾ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി** |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനതല വിദഗ്ധ സമിതിയുടെ ശിപാർശ പ്രകാരം വനംവകുപ്പ് ആദ്യ ഗഡുവായി 25,000/- രൂപ അഥവാ അംഗീകൃത പദ്ധതിയുടെ 10% (ഇതിലേതാണോ കുറവ്) തുക ധനസഹായം നൽകുന്നു. 25,000/- രൂപയോ അതിൽ കുറവോ പദ്ധതി ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ